**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

**വിജ്ഞാപനം**

**സ.ഉ.(അച്ചടി) നം.25/2026/LSGD തീയതി, തിരുവനന്തപുരം, 14-03-2026**

**എസ്.ആർ.ഒ നമ്പർ......./2026.**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിന്റെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'വഴി പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും പട്ടണക്കാട് വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ടതുമായ 1.21 ആർ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിനു ശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത് :-

**പട്ടിക**

| | | |
|---|---|---|
| ജില്ല | : | ആലപ്പുഴ |
| താലൂക്ക് | : | ചേർത്തല |
| വില്ലേജ് | : | പട്ടണക്കാട് |
| ഗ്രാമപഞ്ചായത്ത് | : | പട്ടണക്കാട് |
| സർവ്വേ നമ്പർ | : | 95/1 |
| വിസ്തീർണ്ണം | : | 01.21 ആർ. |

**അതിരുകൾ**

| | | |
|---|---|---|
| വടക്ക് | : | ഉഷാകുമാരി, തട്ടാച്ചിറ |
| തെക്ക് | : | പുറമ്പോക്ക് വഴി |
| കിഴക്ക് | : | ഉഷാകുമാരി, തട്ടാച്ചിറ |
| പടിഞ്ഞാറ് | : | റോഡ്. |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**അനുപമ ടി വി ഐ എ എസ്**

**സെക്രട്ടറി**

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക്, പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "വഴി പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പട്ടണക്കാട് വില്ലേജ് സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ട 01.21 ആർ ഭൂമി പ്രസ്തുത ആക്റ്റിന്റെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ചതിന് ശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.